(ഡി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 12,296 തൊഴിൽ ദിനങ്ങളും 2013-14 സാമ്പത്തിക വർഷത്തിൽ 3,68,550 തൊഴിൽ ദിനങ്ങളും 2014-15 സാമ്പത്തിക വർഷത്തിൽ 3,20,526 തൊഴിൽ ദിനങ്ങളും ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 56343 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

നഗരസഭകളിൽ പുതിയ തസ്തിക-സർക്കാർ ജീവനക്കാരായി അംഗീകരിക്കൽ

90 (2723) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ ; ഇതുസംബന്ധിച്ച് അധിക ബാദ്ധ്യതയുണ്ടാകുമോ ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ;

(ബി) പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിന് അനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടിവരുമെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ഇത് നടപ്പിലാക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത പ്രതിവർഷം ശമ്പളയിനത്തിൽ 160 കോടി രൂപയും പെൻഷൻ ഇനത്തിൽ 60 കോടി രൂപയും വരുമെന്ന് കണക്കാക്കുന്നു.

(ബി) ഇല്ല. കണക്കാക്കിയിട്ടില്ല.

പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കിയാലുള്ള ഗുണങ്ങൾ

91 (2724) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾക്കുലഭിക്കാത്ത എന്തെല്ലാം പ്രത്യേക ഗുണങ്ങളാണ് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ അവയുടെ വിസ്തീർണ്ണവും ജനസംഖ്യയും പരിഗണിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly